'ഭരണഭാഷ- മാതൃഭാഷ'

150 YEARS OF CELEBRATING THE MAHATMA

പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 774 — 04.03.2020 ൽ മറുപടിയ്ക്ക്

വന്യമൃഗങ്ങളുടെ ആക്രമണം

| ചോദ്യം<br>ശ്രീ.രാജു എബ്രഹാം : | | മറുപടി<br>അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | വന്യമൃഗങ്ങൾ നാട്ടിലിറങ്ങി കൃഷിയും മനുഷ്യരുടെ ജീവനും സ്വത്തിനും ഭീഷണിയാവുന്ന സാഹചര്യത്തിൽ ഇത്തരത്തിലുണ്ടാകുന്ന നാശ നഷ്ടങ്ങൾക്ക് വകുപ്പ് യഥാർത്ഥ നഷ്ടപരിഹാരം നൽകുന്നുണ്ടോ; ഇതിന്റെ മാനദണ്ഡം എന്താണെന്നും യഥാർത്ഥ നഷ്ട പരിഹാരം ഇവർക്ക് ലഭിക്കുന്നുണ്ടോയെന്നും വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | ഉണ്ട്. 1980-ലെ 'ദി കേരള റൂൾസ് ഫോർ പേയ്മെന്റ് ഓഫ് കോമ്പൻസേഷൻ റ്റു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ്' എന്ന ചട്ടപ്രകാരവും തുടർന്ന് കാലാകാലങ്ങളിൽ (05.04.2018 വരെ) വന്ന ഭേദഗതിപ്രകാരവും, 05/04/2018-ലെ സർക്കാർ ഉത്തരവ് (കൈ) നം.17/2018/വനം വന്യമൃഗാക്രമണം മൂലമുള്ള കൃഷി നാശത്തിന് 08/01/2015-ലെ സർക്കാർ ഉത്തരവ് (കൈ) നം.02/2015/വനം പ്ര. കാരവും ആണ് നഷ്ടപരിഹാരം അനുവദിച്ച് വരുന്നത്. |

| | | | |
|---|---|---|---|
| (ബി) | വന്യമൃഗങ്ങളുടെ ആക്രമണം മൂലം ഉണ്ടാകുന്ന നാശനഷ്ടത്തിന് നൽകുന്ന പരമാവധി നഷ്ടപരിഹാരം എത്ര രൂപയാണ്; വീടുകൾക്കും കൃഷികൾക്കും ഉണ്ടാകുന്ന നാശ നഷ്ടങ്ങൾക്ക് നൽകുന്ന നഷ്ട പരിഹാരത്തിന്റെ മാനദണ്ഡവും പരമാവധി തുകയും വ്യക്തമാക്കാമോ; | (ബി) | 05/04/2018-ലെ സർക്കാർ ഉത്തരവ് (കൈ) നം.17/2018/വനം പ്രകാരം പുതുക്കിയ നിരക്കിൽ നഷ്ടപരിഹാരം നൽകി വരുന്നു. വന്യജീവി ആക്രമണം മൂലം മരണപ്പെട്ടവരുടെ ആശ്രിതർക്ക് 10 ലക്ഷം രൂപയും വനത്തിന് പുറത്തുവച്ച് പാമ്പു കടിയേറ്റുള്ള മരണത്തിന് 2 ലക്ഷം രൂപയും നഷ്ടപരിഹാരമായി അനുവദിക്കുന്നു. വന്യജീവി ആക്രമണത്തിൽ പരിക്കേറ്റ് സ്ഥായിയായ അംഗഭംഗം സംഭവിക്കുന്നവർക്ക് 2 ലക്ഷം രൂപയും പരിക്കേൽക്കുന്നവർക്ക് 1 ലക്ഷം രൂപയും പട്ടിക വർഗ്ഗക്കാരുടെ കാര്യത്തിൽ ചികിത്സാ തുകയും ചെലവായ മുഴുവൻ തുകയും (മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ വെളിച്ചത്തിൽ) നഷ്ടപരിഹാരമായി നൽകി വരുന്നു. വന്യജീവി ആക്രമണം മൂലമുള്ള കൃഷിനാശം, കന്നുകാലി നഷ്ടം, വീട് നഷ്ടം, തുടങ്ങിയവയ്ക്ക് നഷ്ടത്തിന്റെ 100% (പരാമവധി 1 ലക്ഷം രൂപ) അനുവദിക്കുന്നു. |
| (സി) | ആക്രമണത്തിന് ഇരയാകുന്നവർക്ക് യഥാർത്ഥ നഷ്ടപരിഹാരം കണക്കാക്കി നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | നിയമാനുസൃതമായ നഷ്ടപരിഹാരം നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ